# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 16 No. 4 | PUBLISHED FROM DELHI | APRIL 2012

## എഫ്.സി.ബി.സി. 4-ാമത് ബിരുദദാനം നടന്നു



*സമർപ്പണത്തോടെ മുന്നോട്ട് ......* **ബിരുദധാരികളും അതിഥികളും വേദിയിലേക്ക്**

**അടൂർ:** ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ നാലാമത് ബിരുദദാനം മാർച്ച് 3-ാം തീയതി അടൂർ മാർത്തോമ്മ യൂത്ത് സെന്റർ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു.

ഈ വർഷത്തെ പ്രതിപാദ്യ വിഷയം '*എല്ലാ സൃഷ്ടിയോടും സുവിശേഷം*' എന്നതായിരുന്നു. ഈ വിഷയത്തെ ആസ്പദമാക്കി മണക്കാല ഫെയ്ത്ത് തിയോളജിക്കൽ സെമിനാരി അധ്യാപിക ഡോ. ആനി ജോർജ്ജ് മുഖ്യസന്ദേശം നൽകി. കോളജ് പ്രിൻസിപ്പൽ പാസ്റ്റർ എബി ജോർജ്ജ് അദ്ധ്യക്ഷത വഹിച്ചു.

C.Th-ൽ ഒൻപത് പേരും, D.Th-ൽ രണ്ട് പേരും, B.Th-ൽ രണ്ടുപേരും ഉൾപ്പെടെ പതിമൂന്ന് പേർ ബിരുദങ്ങൾ കരസ്ഥമാക്കി. ബിരുദധാരികളെ പ്രതിനിധീകരിച്ച് സഹോദരി ലളിതാ ജോർജ്ജ് ലഘുസന്ദേശം നൽകി.

ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് ഡയറക്ടർ പാസ്റ്റർ എം. സാമുവൽകുട്ടി ബിരുദധാരികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ഇവാ. സാംസൺ സാമുവൽ, ഡോ. ആനി ജോർജ്ജ് എന്നിവർ സമ്മാനദാനം നിർവ്വഹിച്ചു. അഡ്വക്കേറ്റ് കെ.സി. ജോസ്. ശ്രീ. ബഹനൻ എം.പി., ശ്രീ. ധർമ്മേന്ദ്രകുമാർ (ബീഹാർ), ശ്രീ. ജേക്കബ് പുതുപ്പള്ളി, പാസ്റ്റർ ബിനു ജോൺ, പാസ്റ്റർ എം. സാമുവേൽകുട്ടി (മണക്കാല), പാസ്റ്റർ അലക്സ് ഇ. ജോർജ്ജ് എന്നിവർ ആശംസകൾ അറിയിച്ചു.

ഡയറക്ടറുടെ സന്ദേശത്തിൽ ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ കഴിഞ്ഞ 22 വർഷങ്ങളിലെ പ്രവർത്തനങ്ങളെ സദസ്സിനു പരിചയപ്പെടുത്തി. സകല സൃഷ്ടികളോടും സുവിശേഷം (മർക്കൊസ് 16:15) എന്ന വിഷയ

(ശേഷം രണ്ടാം പേജിൽ)

## ജീവിതം സുവിശേഷമാക്കുക:

**ഡോ. ആനി ജോർജ്ജ്**

**അടൂർ:** സുവിശേഷഘോഷണം കടമയാണെന്നും അതിന് തീവ്രമായ ആഗ്രഹമുണ്ടാകണമെന്നും, സുവിശേഷം ഇന്നിന്റെ ആവശ്യമാണെന്നും ഡോ. ആനി ജോർജ്ജ് (ഫെയ്ത്ത് തിയോളജിക്കൽ സെമിനാരി, മണക്കാല) പ്രസ്താവിച്ചു. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് നാലാമത് ബിരുദദാന ശുശ്രൂഷയിൽ മുഖ്യസന്ദേശം നൽകുകയായിരുന്നു അവർ. റോമാലേഖനം 1:14-ാം വാക്യത്തിന്റെ അടിസ്ഥാനത്തിൽ 'എല്ലാ സൃഷ്ടിയോടും സുവിശേഷം അറിയിക്കുക' എന്ന ചിന്താവിഷയത്തെ അടിസ്ഥാനമാക്കി സർവ്വസൃഷ്ടിയോടും സുവിശേഷം പ്രസംഗിക്കുവാൻ ക്രിസ്തുദർശനം അനിവാര്യമാണെന്ന് താൻ ചൂണ്ടിക്കാട്ടി. അപ്പൊസ്തലനായ പൌലൊസ് ക്രിസ്തുദർശനത്താൽ താനാരാണെന്നും, ദൈവമാരാണെന്നും മനസിലാക്കി. യവനന്മാരും ബർബ്ബരന്മാരും തമ്മിൽ സംസ്ക്കാരത്തിലും, ഭാഷയിലും ജീവിതരീതികളിലും വ്യത്യാസമുണ്ട്. എന്നാൽ, സുവിശേഷം ഏവരുടെയും ആവശ്യമാകയാൽ പൌലൊസ് അതിനെ തന്റെ കടമയായി (Obligation) ഏറ്റെടുത്ത് സകലരോടും സുവിശേഷം അറിയിച്ചതുപോലെ ഉത്തമ സുവിശേഷകരായിത്തീരണമെന്ന് ഡോ. ആനി ജോർജ്ജ് ബിരുദധാരികളോട് ആഹ്വാനം ചെയ്തു.




**ഡോ. ആനി ജോർജ്ജ് മുഖ്യസന്ദേശം നൽകുന്നു. പാസ്റ്റർ എബി ജോർജ്ജ്, പാസ്റ്റർ എം. സാമുവൽകുട്ടി എന്നിവർ വേദിയിൽ**

## വേദിയിൽ കണ്ട വിസ്മയങ്ങൾ!

**ബഹനാൻ എം.പി.**
**(സീനിയർ മാനേജർ, ഫെഡറൽ ബാങ്ക്, പെരുമ്പാവൂർ)**

"നിന്റെ വചനം എന്റെ കാലിന് ദീപവും എന്റെ പാതയ്ക്ക് പ്രകാശവും ആകുന്നു" (സങ്കീ. 119:105). "ദൈവവചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏത് വാളിനേക്കാളും മൂർച്ചയേറിയതും പ്രാണനേയും ആത്മാവിനേയും സന്ധിമജ്ജകളേയും വേർവിടുവിക്കുംവരെ തുളച്ചുചെല്ലുന്നതും ഹൃദയത്തിലെ ചിന്തകളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു" (എബ്രാ. 4:12). ദൈവവചനങ്ങളെക്കുറിച്ച് ഇത്രയും എഴുതിയത് എന്റെ പ്രിയപ്പെട്ട വായനക്കാർക്കും ദൈവവചനത്തിന്റെ മഹത്വം അറിയുകയില്ല എന്ന് കരുതിയതുകൊണ്ടല്ല എങ്കിലും സന്ദർഭോചിതമായി പെട്ടെന്ന് മനസ്സിലേക്ക് തള്ളിക്കയറിവന്ന വചനങ്ങൾ ഒന്ന് കുറിച്ചു എന്നേയുള്ളൂ. ഇത്രയും എഴുതുവാൻ കാരണം 2012 മാർച്ച് മാസം 3-ാം തീയതി അടൂർ മാർത്തോമ്മ യൂത്ത് സെന്റർ ആഡിറ്റോറിയത്തിൽ വച്ച് എഫ്.സി.ബി.സി. യുടെ നാലാമത് ബിരുദദാന ചടങ്ങിൽ പങ്കെടുക്കുവാൻ എനിക്കും ഭാഗ്യം ലഭിച്ചു. B.Th, D.Th, C.Th എന്നീ കോഴ്സുകളിൽ പഠനം പൂർത്തിയാക്കിയ 13 വിദ്യാർത്ഥികൾക്ക് ബിരുദ സർട്ടിഫിക്കറ്റുകൾ നൽകുകയുണ്ടായി. ഇവിടെ ഉത്തർപ്രദേശ്, ബീഹാർ, കേരളം എന്നീ മൂന്നു സംസ്ഥാനങ്ങളിൽ നിന്നും വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു. ഇന്ത്യയിൽ സുവിശേഷകരുടെ ബാലികേറാമലയായി നിൽക്കുന്ന ബീഹാറിൽ നിന്നുള്ള രണ്ടുപേർ B.Th, ഒരാൾ D.Th വിജയകരമായി പൂർത്തിയാക്കി എന്നുള്ളത് പ്രശംസനീയമത്രെ. ഞാൻ ഈ കുറിപ്പ് എഴുതാനുള്ള കാരണം ഇതൊന്നും അല്ല. തൃശ്ശൂർപൂരത്തിനിടയ്ക്ക് തിരിപ്പടക്കത്തിന് എന്ത് സ്ഥാനം എന്നു പറഞ്ഞതുപോലെയാണ് കാര്യങ്ങൾ.

ദൈവകൃപയാലും പരിശുദ്ധാത്മാവിന്റെ നടത്തിപ്പിനാലും ബിരുദദാന ചടങ്ങ് ഉച്ചയ്ക്കുശേഷം 1:15ന് അവസാനിച്ചു. എന്നാൽ, അതിനുശേഷം ഉച്ചകഴിഞ്ഞ് രണ്ടര മണിയോടുകൂടി ഫെയ്ത്ത് ഫെലോഷിപ്പ് സഭകളുടെ പുത്രികാ സംഘടനകളുടെ വാർഷികവും നടന്നു. അതിൽ ധാരാളം നല്ല പരിപാടികളും പാട്ടുകളും ഒക്കെ ഉണ്ടായി. നോഹയുടെ കാലത്തെ വെള്ളപ്പൊക്കത്തെ തീം ആയി അവതരിപ്പിച്ച സ്കീറ്റ് വളരെയധികം രസകരവും മനുഷ്യമനസ്സുകളെ ആഴത്തിൽ ചിന്തിപ്പിക്കത്തക്കതുമായി. എന്നാൽ, കിരീടത്തിലെ കൊഹിന്നൂർ രത്നം (Jewells of the crown) എന്ന് വിശേഷിപ്പിക്കാവുന്ന ഒരു ഐറ്റം അവിടെ അവതരിപ്പിക്കുകയുണ്ടായി. ഫെയ്ത്ത് ഫെലോഷിപ്പ് വടശ്ശേരിക്കര സഭയിലെ ജോർജ്ജ്കുട്ടി എന്ന സഹോദരൻ വെളിപ്പാട് പുസ്തകം മുഴുവനും കാണാതെ പറയുന്ന ഒരു ഐറ്റം ഉണ്ട് എന്ന് അദ്ധ്യക്ഷൻ അനൗൺസ് ചെയ്തു.




*ബ്രദർ ജോർജ്ജ്കുട്ടി വെളിപ്പാട് പുസ്തകം മന:പ്പാഠം പറയുന്നു*

ഫെയ്ത്ത് ഫെലോഷിപ്പ് സഭാ പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി, പരിപാടിയെക്കുറിച്ച് ചെറിയൊരു വിവരണം നൽകിയതിന് ശേഷം ജോർജ്ജ് കുട്ടി സഹോദരനെ വെളിപ്പാട് പുസ്തകം ഒന്നാം അദ്ധ്യായം ഒന്നാം വാക്യം മുതൽ അവസാനത്തെ അദ്ധ്യായമായ 22-ാം അദ്ധ്യായത്തിലെ അവസാന വാക്യമായ 21-ാം വാക്യം വരെയും കാണാതെ പറയുന്നതിനായി ക്ഷണിച്ചു. സദസ്സ് ഒന്നടങ്കം കാതും കണ്ണും മനസ്സും ഏകാഗ്രമാക്കി ഏതോ ഒരു മഹാത്ഭുതം കാണാൻ ഇരിക്കുന്ന രീതിയിൽ ശ്രദ്ധിക്കാൻ തുടങ്ങി. ബ്രദർ ജോർജ്ജ്കുട്ടി ചെറിയൊരു പ്രാർത്ഥനയ്ക്കുശേഷം സർവ്വരുടെയും പ്രാർത്ഥന ചോദിച്ചും, ദൈവനാമം സ്തുതിച്ച് മഹത്വപ്പെടുത്തിയും വെളിപ്പാട് പുസ്തകം ആദ്യം മുതൽ പറയാൻ തുടങ്ങി. ചിലപ്പോൾ കാട്ടാറൊഴുകുന്ന രീതിയിലും മറ്റുചിലപ്പോൾ സമതലത്തിൽ കൂടി ഒഴുകുന്ന നദി പോലെയും അനായാസമായും അനർഗ്ഗളമായും ആ പ്രവാഹം അഭംഗുരം തുടർന്നുകൊണ്ടേയിരുന്നു. ഓരോ അദ്ധ്യായം തീരുമ്പോഴും ഹല്ലേല്ലുയ്യാ ശബ്ദം കൊണ്ട് ആഡിറ്റോറിയം നിറയുകയും സദസ്സ് ഒന്നടങ്കം ജോർജ്ജ്കുട്ടി ബ്രദറിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഒരിക്കലും നില

(ശേഷം രണ്ടാം പേജിൽ)

ഈ ലക്കം വിശേഷാൽ പതിപ്പായതിനാൽ പാസ്റ്റർ ബിജു തങ്കച്ചൻ (മുംബൈ) എഴുതുന്ന "*വിശ്വാസികൾ അറിഞ്ഞിരിക്കേണ്ടവ*" എന്ന തുടർപംക്തി ഉൾപ്പെടുത്തുവാൻ കഴിയാത്തതിൽ ഖേദിക്കുന്നു. പംക്തി അടുത്ത ലക്കത്തിൽ തുടരുന്നതായിരിക്കും

-പത്രാധിപർ

പത്രാധിപ ലേഖനം.......

# ഉയിർപ്പിന്റെ പ്രത്യാശ



കഴിഞ്ഞ ഇരുപത്തിരണ്ട് വർഷങ്ങളായി സുവിശേഷത്തിന്റെ സന്ദേശം ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനായി ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ വ്യഗ്രതയോടെ പ്രവർത്തിച്ചുവരുന്നു. സുവിശേഷത്തിൽ കൂടെ ജീവിതങ്ങളെ രൂപാന്തരപ്പെടുത്തുവാൻ ചെയ്തുവരുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി ആത്മിക മുന്നേറ്റങ്ങളും കൂട്ടായ്മകളും അവയ്ക്ക് പുറമേയുള്ള സാമൂഹ്യക്ഷേമ പദ്ധതികളും നിർബോധം തുടരുന്നതിൽ നിങ്ങൾ ഏവരുടെയും പ്രാർത്ഥനകളും സഹകരണങ്ങളും ഞങ്ങൾക്ക് അനുഗ്രഹമായിട്ടുണ്ട്. തുടർന്നും നിങ്ങളുടെ പ്രോത്സാഹനങ്ങൾ ഞങ്ങൾക്ക് ലഭിക്കുമെന്ന് വിശ്വസിക്കുന്നു. ഈ മഹത്തായ ദർശനം നൽകി അതിന്റെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരുവാൻ കൃപ ചെയ്ത സർവ്വേശ്വരന് നന്ദി പുരസ്സരം സ്തോത്രങ്ങൾ അർപ്പിക്കുന്നു.

ഞങ്ങൾ പ്രചരിപ്പിക്കുന്ന സുവിശേഷം രക്ഷയുടെ സന്ദേശമാണ്. സുവിശേഷം സാകലേന്യമാണ്. ആരെയും ഇത് ഒഴിവാക്കുന്നില്ല. എല്ലാവർക്കും ഗ്രഹിക്കാവുന്ന രീതിയിൽ ലളിതമാണ് ഇതിന്റെ ഉള്ളടക്കം. "ദാവീദിന്റെ സന്തതിയായി ജനിച്ചു മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊൾക. അത് ആകുന്നു എന്റെ (ഞങ്ങളുടെ) സുവിശേഷം" (2തിമൊ. 2:8,9). യേശുക്രിസ്തുവിന്റെ മരണത്തിൽ കൂടെ സകല മനുഷ്യർക്കും പാപമോചനം ലഭിക്കുകയും, ഉയിർപ്പിൽ കൂടെ നിത്യജീവന്റെ പ്രത്യാശ ഉളവാകുകയും ചെയ്തു. സുവിശേഷം കൊണ്ട് ജീവനും അക്ഷയതയും വെളിപ്പെട്ടിരിക്കുന്നത് ഈ മരണത്തിന് ശേഷമുള്ള ഉയിർപ്പ് നിമിത്തമാണ്. യേശുക്രിസ്തുവിന്റെ ഉയിർപ്പ് നൽകുന്ന പ്രത്യാശ സകല മനുഷ്യരുടെയും ജീവിതങ്ങളിൽ ഉദിക്കണമെന്ന അഭിവാഞ്ചയാണ് ഏതൊരു സുവിശേഷകനുമുള്ളത്. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രവർത്തകരും ഈ ഉൽക്കടമായ അഭിലാഷം നെഞ്ചിലേറ്റിയാണ് ക്രിസ്തീയ ശുശ്രൂഷകളിൽ സജീവ പങ്കാളികളായിരിക്കുന്നത്.

പാപജഡിലമായ ലോകത്തിന് ലഭിച്ചിരിക്കുന്ന പിടിവള്ളിയാണ് സുവിശേഷം. നിരാശയുടെ നീർച്ചുഴിയിൽപെട്ട് നട്ടം തിരിയുന്ന മനുഷ്യർക്ക് ലഭിച്ച പ്രത്യാശയുടെ കിരണമാണത്. ആദാമ്യപാപത്താൽ ശിക്ഷാവിധിയിൽപെട്ട മനുഷ്യന് യേശുക്രിസ്തുവിന്റെ മരണമെന്ന പാപബലിയിലും നിത്യജീവന്റെ നാന്ദിയായ ഉയിർപ്പിലും വിശ്വസിച്ചാൽ നിത്യമരണത്തിൽ നിന്നും മുക്തി നേടാമെന്ന വാഗ്ദാനമാണ് സുവിശേഷം മുന്നോട്ട് വയ്ക്കുന്നത്. മറ്റ് മാർഗ്ഗങ്ങളിൽ നിന്നും ക്രൈസ്തവ മാർഗ്ഗത്തെ വ്യത്യസ്തമാക്കുന്നതും ഈ രക്ഷയുടെ ഭദ്രതയാണ്. അതായത് യേശുക്രിസ്തുവിലൂടെ ലഭിച്ചിരിക്കുന്ന നിത്യജീവന്റെ ഉറപ്പാണ് ക്രൈസ്തവതയുടെ ആണിക്കല്ല്. യേശുക്രിസ്തുവിന്റെ ഉയിർപ്പ് മനുഷ്യരാശിക്ക് നൽകുന്ന പ്രത്യാശയുടെ മഹത്വം മനസിലാക്കണമെങ്കിൽ അതിന്റെ അഭാവത്തിൽ മനുഷ്യർക്ക് വിധിക്കപ്പെട്ടിരിക്കുന്ന നരകശിക്ഷ ഒന്ന് സങ്കൽപ്പിച്ചാൽ മതി.

പണ്ട് സുവിശേഷ യോഗങ്ങളിൽ പ്രസംഗകർ ഊന്നിപ്പറഞ്ഞിരുന്ന വിഷയമായിരുന്നു യേശുക്രിസ്തുവിന്റെ മരണവും ഉയിർപ്പും വീണ്ടും വരവും. എന്നാൽ, ഇന്ന് ഭൗതികാനുഗ്രഹങ്ങളുടെ വാഗ്ദാനങ്ങളും സങ്കൽപ്പ ശത്രുക്കളോടുള്ള പോർവിളികളും ആണ് വേദികളിൽ മുഴങ്ങുന്നത്. ആത്മികാനുഗ്രഹങ്ങളുടെ വലിയൊരു നിധി ദൈവരാജ്യത്തിന്റെ രൂപത്തിൽ അന്തവൃതമാക്കപ്പെട്ടിരിക്കുന്നുവെങ്കിലും മാണിക്യം വെടിഞ്ഞ് മണ്ണിന്റെ പിന്നാലെയാണ് പ്രസംഗകരും ശ്രോതാക്കളും. ഈ ലോകജീവിതംകൊണ്ട് എല്ലാം അവസാനിക്കും എന്ന പ്രതീതിയാണ് സമൃദ്ധിയുടെ സുവിശേഷം പ്രസംഗിക്കുന്നവരുടേയും അവരുടെ അനുയായികളുടെയും ജീവിതശൈലികൾ കണ്ടാൽ ഉളവാകുന്നത്. ലാളിത്യമാണ് ക്രൈസ്തവതയുടെ മുഖമുദ്ര എന്നത് മറന്ന് ആർഭാട ജീവിതം ദൈവത്തിന്റെ വരദാനമാണെന്നുള്ള സങ്കൽപ്പത്തിലാണ് ഇവർ ജീവിക്കുന്നത്.

നമ്മുടെ പ്രത്യാശ ഈ ലോകജീവിതത്തെക്കുറിച്ച് മാത്രമായി പരിമിതപ്പെട്ടിരിക്കുന്നുവോ എന്ന ചോദ്യത്തിന് ഈ പറഞ്ഞ പശ്ചാത്തലത്തിൽ ഏറെ പ്രസക്തിയുണ്ട്. വേദപുസ്തക കാലഘട്ടത്തിൽ പുനരുത്ഥാനം ഇല്ലായെന്ന് പറഞ്ഞിരുന്ന പ്രമുഖരായ ഒരു വിഭാഗം ആണ് സാദൂക്യർ. ഈ ലോകജീവിതംകൊണ്ട് സകലവും കഴിഞ്ഞുവെന്ന് പ്രചരിപ്പിച്ചിരുന്ന അവരെ അപ്പൊസ്തലനായ പൌലൊസ് നിശിതമായ ഭാഷയിൽ വിമർശിച്ചിരുന്നു. "മരിച്ചവരുടെ പുനരുത്ഥാനം ഇല്ലായെങ്കിൽ ക്രിസ്തുവും ഉയിർത്തെഴുന്നേറ്റിട്ടില്ല. ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലായെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം; നിങ്ങളുടെ വിശ്വാസവും വ്യർത്ഥം. മരിച്ചവർ ഉയിർക്കുന്നില്ല എന്നു വരികിൽ ദൈവം ഉയിർപ്പിച്ചിട്ടില്ലാത്ത ക്രിസ്തുവിനെ അവൻ ഉയിർപ്പിച്ചു എന്നു ദൈവത്തിനു വിരോധമായി സാക്ഷ്യം പറകയാൽ ഞങ്ങൾ ദൈവത്തിനു കള്ള സാക്ഷികൾ എന്നു വരും. മരിച്ചവർ ഉയിർക്കുന്നില്ലായെങ്കിൽ ക്രിസ്തുവും ഉയിർത്തിട്ടില്ല. ക്രിസ്തു ഉയിർത്തിട്ടില്ല എങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥമത്രേ; നിങ്ങൾ ഇന്നും നിങ്ങളുടെ പാപങ്ങളിൽ ഇരിക്കുന്നു. ക്രിസ്തുവിൽ നിദ്രകൊണ്ടവരും നശിച്ചുപോയി. നാം ഈ ആയുസ്സിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശ വെച്ചിരിക്കുന്നുവെങ്കിൽ സകലമനുഷ്യരിലും അരിഷ്ടന്മാരത്രെ" (1 കൊരി. 15:13–19).

എന്നാൽ, ക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്ന ഉറപ്പ് പൌലൊസിനുണ്ടായിരുന്നു. ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തിരിക്കുന്നു എന്നു പൌലൊസ് ശക്തമായി പറയുന്നു. ആദാമിൽ എല്ലാവരും മരിച്ചിരിക്കുന്നുവെങ്കിൽ ക്രിസ്തുവിൽ എല്ലാവരും ജീവിക്കപ്പെടും. പൌലൊസ് അഭിപ്രായപ്പെടുന്നത് "മരിച്ചവർ ഉയിർക്കുന്നില്ല എങ്കിൽ ഈ ലോകത്തിന്റെ ഇമ്പങ്ങളിൽ മുഴുകി ജീവിക്കുകയാണ് നല്ലത് എന്നാണ്. മരിച്ചവർ ഉയിർക്കുന്നില്ലെങ്കിൽ നാം തിന്നുക, കുടിക്കുക, നാളെ ചാകുമല്ലോ" (1 കൊരി. 15:32).

ഈ ലോകത്തിൽ മാത്രം പ്രത്യാശ വെച്ചിരിക്കുന്നവർക്ക് ലോകപ്രകാരം ജീവിക്കാം. എന്നാൽ, യേശുക്രിസ്തുവിന്റ ഉയിർപ്പിൽ വിശ്വസിക്കുന്നവർ ദൈവരാജ്യത്തിന് യോഗ്യമാംവണ്ണം ജീവിക്കണം. പൌലൊസ് ഇങ്ങനെയാണ് അവരെ ഉപദേശിക്കുന്നത്. "ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നുവെങ്കിൽ ക്രിസ്തു ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നിടമായ ഉയരത്തിലുള്ളത് അന്വേഷിപ്പിൻ. ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളത് തന്നെ ചിന്തിപ്പിൻ" (കൊലൊ. 3:1–2). അതേ, വരുവാനുള്ള സ്വർഗ്ഗീയ നന്മകൾ ആയിരിക്കണം നാം സ്വപ്നം കാണേണ്ടതും ഭാവന ചെയ്യേണ്ടതും. സ്വർഗ്ഗീയ ഭവനത്തിലെ നിത്യജീവൻ ആണല്ലോ നമ്മുടെ പ്രത്യാശ. "സകലമനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലോ; നാം ഭാഗ്യകരമായ പ്രത്യാശക്കായിട്ടും മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതക്കായിട്ടും കാത്തുകൊണ്ട് ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചിട്ടു ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടും കൂടെ ജീവിച്ചുപോരേണ്ടതിന് അത് നമ്മെ ശിക്ഷിച്ചു വളർത്തുന്നു" (തീത്തൊസ് 2:11–13).

*– പാസ്റ്റർ എം. സാമുവൽകുട്ടി*

## എഫ്.സി.വൈ.എമ്മിന് പുതിയ നേതൃത്വം

**ഡൽഹി:** ഫെയ്ത്ത് ക്രിസ്ത്യൻ യൂത്ത് മൂവ്മെന്റിന് പുതിയ നേതൃത്വം. മാർച്ച് 11-ാം തീയതി കിങ്ങ്സ്‌വേ ക്യാമ്പ് ചർച്ചിൽ നടന്ന ഡൽഹി റീജനിലെ സഭകളുടെ സംയുക്താരാധനയിൽ ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടിയുടെ അദ്ധ്യക്ഷതയിൽ പുതിയ നേതൃത്വത്തെ തിരഞ്ഞെടുത്തു.

പാസ്റ്റർ റ്റി.ഡി. സുധാകരൻ (പ്രസിഡന്റ്), ബ്രദർ ശീലാസ് സാമുവൽ (സെക്രട്ടറി), ബ്രദർ പി.പി. ജെയിംസ് (ട്രഷറാർ), ബ്രദർ രാജേഷ് (മെമ്പർ), ബ്രദർ ഷിബു തമ്പി (മെമ്പർ) എന്നിവരാണ് പുതിയ കമ്മറ്റി അംഗങ്ങൾ.

## വേദിയിൽ കണ്ട വിസ്മയങ്ങൾ!

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

യ്ക്കാത്ത കാലത്തിന്റെ മഹാപ്രവാഹമായ സമയത്തിന്റെ സൂചി നീങ്ങിക്കൊണ്ടിരുന്നു. അവസാനം 52 മിനിറ്റ് ആയപ്പോൾ 22-ാം അദ്ധ്യായത്തിന്റെ 21-ാം വാക്യവും കാണാതെ പറഞ്ഞു കഴിഞ്ഞിരുന്നു. നീണ്ട കരഘോഷവും സ്തുതിയും സ്തോത്രവുംകൊണ്ട് ആഡിറ്റോറിയം മുഖരിതമായി.

വിശുദ്ധ യോഹന്നാൻ പരിശുദ്ധാത്മാ നിയോഗത്താൽ മാത്രമാണ് താൻ കണ്ട ദർശനം കൃത്യമായി രേഖപ്പെടുത്തിയത്. അങ്ങനെയിരിക്കെ നമ്മുടെ ഇടയിൽ നിന്നും ഒരു പാസ്റ്ററോ, B.Th, M.Th, Phd തുടങ്ങിയ ഡിഗ്രിയോ ഒന്നും ഇല്ലാത്ത സാധാരണ ജോലിക്കാരൻ, 10-ാം ക്ലാസ്സുപോലും വിദ്യാഭ്യാസം ഇല്ലാത്ത ബ്രദർ ജോർജ്ജ്കുട്ടി വെളിപ്പാട് പുസ്തകം ദൈവം തന്ന ബുദ്ധിയും ശക്തിയുമുപയോഗിച്ച് ഹൃദിസ്ഥമാക്കുകയും അത് തെറ്റാതെ സ്റ്റേജിൽ നിന്ന് കേവലം 52 മിനിറ്റ് കൊണ്ട് കാണാതെ പറയുകയും ചെയ്ത മഹൽ സംഭവം എന്നും ഓർമ്മയിൽ തങ്ങിനിൽക്കുന്നതും ആത്മീയ പ്രചോദനം ഉണ്ടാക്കുന്നതും ആയിരുന്നു. 22-ാം അദ്ധ്യായം അവസാനവാക്യവും പറഞ്ഞതീർന്നപ്പോൾ ദൈവദാസന്മാരും ജനവും അദ്ദേഹത്തെ വാരിപ്പുണർന്നു. പിന്നാലെ സമ്മാനങ്ങളും ട്രോഫിയും ഒഴുകിയെത്തി.

ഐ.സി.എമ്മിന്റെ വകയായി ഒരു സുവർണ്ണ ട്രോഫിയും ക്യാഷ് അവാർഡും ഉടൻ തന്നെ പാസ്റ്റർ എം. സാമുവൽകുട്ടി നൽകി. ആവേശഭരിതരായ ശ്രോതാക്കൾ ഒത്തുചേർന്ന് തനിക്ക് സംഭാവനകൾ നൽകി ആദരിച്ചു. സദസ്സ് ഒന്നടങ്കം അദ്ദേഹത്തെ പ്രാർത്ഥിച്ചനുഗ്രഹിച്ചു. പ്രാർത്ഥനയ്ക്ക് പാസ്റ്റർ എം. സാമുവൽകുട്ടി നേതൃത്വം നൽകി.

ബ്രദർ ജോർജ്ജിന് ദൈവം ദാനമായി 3 മക്കളെയും നൽകിയിട്ടുണ്ട്. അദ്ദേഹത്തിന്റെ മക്കളും പിതാവിന്റെ പാത പിൻതുടരാൻ ശ്രമിക്കുന്നത് ശ്ലാംഘനീയ മാണ്. (ഭാര്യ: ലാലി ജോർജ്ജ്, മക്കൾ:ജോബിൻ ജോർജ്ജ്, ജോബിഷ ജോർജ്ജ്, ജെസ്റ്റിൻ ജോർജ്ജ്).

ദൈവം ഈ സഹോദരനെയും കുടുംബത്തെയും ഇനിയും ധാരാളമായി അനുഗ്രഹിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. ✷

**ബ്രദർ ജോർജ്ജ്കുട്ടിയുടെ അഡ്രസ്:**

Br. Georgekutty
Pallikunnel House
Karikayam P.O.
Chittar, PTA (Dist)
Kerala- 689 663
✆: 09847824999

## എഫ്.സി.ബി.സി. 4-ാമത്...

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

ത്തെ ആസ്പദമാക്കി അദ്ദേഹം സംസാരിച്ചു. 2തിമൊ. 2:8ൽ പൌലൊസ് പറയുന്നത്, ദാവീദിന്റെ സന്തതിയായി ജനിച്ചു മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊൾക. അത് ആകുന്നു എന്റെ സുവിശേഷം. ഇത് യേശുവിന്റെ സുവിശേഷമാകുന്നു. ഇത് രാജ്യത്തിന്റെ സുവിശേഷമാണ് (മത്തായി 4:24). ഇത് രക്ഷയുടെ സുവിശേഷമാകുന്നു (എഫെ. 1:13). ഇത് സമാധാനത്തിന്റെ സുവിശേഷം (എഫെ. 6:15). ഇത് പ്രത്യാശയുടെ സുവിശേഷമാകുന്നു (കൊലൊ. 1:23). ഇത് നിത്യ സുവിശേഷമാണ്. അതുകൊണ്ട് നാം സുവിശേഷം അറിയിക്കുന്നതിൽ ലജ്ജിച്ചുപോകാതെ സകല സൃഷ്ടികളോടും സുവിശേഷം അറിയിക്കുവാൻ ഒരുക്കമുള്ളവരായിരിക്കണമെന്ന് അദ്ദേഹം ഓർമ്മപ്പെടുത്തി.

അധ്യാപകരായ സുമേഷ് പി. ലാസർ സ്വാഗതവും, ഷാജി ശാമുവേൽ നന്ദിയും രേഖപ്പെടുത്തി. ഫെയ്ത്ത് സീയോൻ സിങ്ങേഴ്സ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

### ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ,വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*–പത്രാധിപർ*

### വരിസംഖ്യ

വരിസംഖ്യ നിരക്ക് ഒരുവർഷത്തേക്ക്

| | |
|---|---|
| ഇന്ത്യയിൽ | :36 രൂപ |
| ഗൾഫ് | :300 രൂപ |
| യു.എസ്. | :10 $ |
| കാനഡ | :10 $ |

### എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
പാസ്റ്റർ എം. സാമുവൽകുട്ടി
അസ്സോസിയേറ്റ് എഡിറ്റേഴ്സ്
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
ജോൺ ടി. വർഗ്ഗീസ്
ഷിബു തമ്പി
പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ
ചെറിയാൻ ഡാനിയേൽ
ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

# ബിരുദദാനം ക്യാമറ കണ്ണിലൂടെ




*വേദിയിൽ നിന്ന്......* ബിരുദധാരികളും അതിഥികളും അധ്യാപകരും



*പരിശീലനത്തിന്റെ പൂർത്തീകരണം....*പാസ്റ്റർ എം. സാമുവൽകുട്ടി സർട്ടിഫിക്കേറ്റുകൾ വിതരണം ചെയ്യുന്നു



*കോളജ് പ്രിൻസിപ്പൽ പാസ്റ്റർ എബി ജോർജ്ജ് ടെസിൽ ചെയ്ഞ്ച് ചെയ്യുന്നു*




*മികവിന്റെ അഗീകാരം.......* ഇവാ. സാംസൺ സാമുവൽ സമ്മാനങ്ങൾ വിതരണം ചെയ്യുന്നു



*മഹത്തായ നിയോഗത്തിനായ്....* പാസ്റ്റർ എം സാമുവൽകുട്ടിയും സദസും ബിരുദധാരികളെ അനുഗ്രഹിച്ചു പ്രാർത്ഥിക്കുന്നു



*അസുലഭനിമിഷം.....* ബിരുദധാരികൾ വിശിഷ്ടാതിഥികളോടും അധ്യാപകരോടും ഒപ്പം



*ഗ്രാഡുവേഷൻ സ്പെഷ്യൽ സപ്ലിമെന്റ് പാസ്റ്റർ എം. സാമുവൽകുട്ടി പാസ്റ്റർ അലക്സ് ഇ. ജോർജ്ജിന് കൈമാറി പ്രകാശനം ചെയ്യുന്നു*



*ഐ.സി.എമ്മിന്റെ ഉപഹാരം...... ബ്രദർ ജോർജ്ജ്കുട്ടിക്ക് പാസ്റ്റർ എം. സാമുവൽകുട്ടി ട്രോഫി നൽകുന്നു*



ആവേശത്തോടെ.....ഐക്യാരാധനയിൽ പാസ്റ്റർ റ്റി.ഡി. സുധാകരൻ (ഡൽഹി) പ്രസംഗിക്കുന്നു



*പാസ്റ്റർ എം. സാമുവൽകുട്ടി ശിശുപ്രതിഷ്ഠാ ശുശ്രൂഷ നിർവ്വഹിക്കുന്നു*

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

POSTAL REGN.NO.D L 07 / 0138 / 12 - 14
NEWSPAPER REGN. No. 65362 / 97
Price Rs. 3/-

Tel : 011- 27658810, Fax : 91-11-27658810, e-mail : icm4india@yahoo.com, website: www.indianchristianmission.com

## ഐ. സി. എം. 23-ാം വർഷത്തിലേക്ക്

**ഡൽഹി:** 2012 മാർച്ച് 10-ാം തീയതി ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രേഷിത പ്രവർത്തനങ്ങളുടെ 22 വർഷം തികച്ചു. നന്ദി കരേറ്റുവാൻ മാർച്ച് 11 കിങ്ങ്സ്‌വേ ക്യാമ്പ് സഭയിൽ ഒത്തുകൂടി. ഡൽഹി സഭകളുടെ സംയുക്താരാധനയിൽ പാസ്റ്റർ റ്റി.ഡി. സുധാകരന്റെ അദ്ധ്യക്ഷതയിൽ പാസ്റ്റർ ബിനുജോൺ 20-ാം സങ്കീർത്തനം വായിച്ച് പ്രബോധിപ്പിച്ചു. സ്വർഗ്ഗത്തിൽ നിന്ന് ഉത്തരമരുളുന്ന ദൈവം, ഇന്നും ജീവിക്കുന്നു എന്നും ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ചിന്റെയും ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെയും 22 വർഷങ്ങളിലെ പ്രാർത്ഥനകൾക്ക് ദൈവം മറുപടി നൽകുമെന്നും അദ്ദേഹം പ്രസ്താവിച്ചു.

കുഞ്ഞുങ്ങളുടെ സാക്ഷ്യത്തിനുശേഷം കാൽക്കാജി, ലാഡോസരായ്, കിങ്ങ്സ്‌വേ ക്യാമ്പ് എന്നീ സഭകളെ പ്രതിനിധീകരിച്ച് യഥാക്രമം സഹോദരന്മാർ ശീലാസ് സാമുവേൽ, ജെയിംസ് പീറ്റർ, ചെറിയാൻ ഡാനിയേൽ എന്നിവർ സാക്ഷ്യങ്ങൾ പ്രസ്താവിച്ചു.



*പാസ്റ്റർ ബിനോയി പി. ജോൺ പ്രസംഗിക്കുന്നു. പാസ്റ്റർമാരായ ബിനു ജോൺ, എം. സാമുവൽകുട്ടി, റ്റി.ഡി. സുധാകരൻ എന്നിവർ വേദിയിൽ*

ദൈവം നമുക്ക് അനുകൂലം എങ്കിൽ പ്രതികൂലം ആർ? (റോമർ 8:21) എന്ന വാക്യത്തെ ആസ്പദമാക്കി പാസ്റ്റർ ബിനോയി പി. ജോൺ മുഖ്യസന്ദേശം നൽകി. കഴിഞ്ഞ 22 വർഷങ്ങളിൽ സഭയ്ക്കും സംഘടനയ്ക്കുമെതിരെ ഉയർന്ന വെല്ലുവിളികളുടെ നടുവിൽ ദൈവം അനുകൂലമായിരുന്നതിനാൽ 23-ാം വർഷത്തിലേയ്ക്ക് പ്രവേശിക്കുവാൻ നമുക്കിടയായി എന്ന് അദ്ദേഹം ഓർപ്പിച്ചു.

സഭാ പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി കഴിഞ്ഞ 22 വർഷങ്ങൾ ദൈവം നടത്തിയ വിധങ്ങളെ ഹൃസ്വമായി വിവരിച്ചു. തുടർന്നു സമർപ്പണ പ്രാർത്ഥന നടത്തി. കർത്തൃമേശശുശ്രൂഷയ്ക്ക് പാസ്റ്റർ എം. സാമുവൽകുട്ടി നേതൃത്വം നൽകി. പ്രാർത്ഥനയോടും ആശിർവാദത്തോടും കൂടെയോഗം പര്യവസാനിച്ചു.

## കേരളാ റീജൻ സംയുക്താരാധന നടന്നു

**അടൂർ:** ഫെയ്ത്ത് ഫെലോഷിപ്പ് കേരളാ റീജൻ സഭകളുടെ സംയുക്ത ആരാധന 2012 മാർച്ച് 4-ാം തീയതി ഞായറാഴ്ച രാവിലെ 10:30 മുതൽ അടൂർ ലോഗോസ് ആഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. പാസ്റ്റർ റ്റി.ഡി. സുധാകരൻ (ഡൽഹി), 138-ാം സങ്കീർത്തനം വായിച്ച് പ്രബോധിപ്പിച്ചു. സഭാ പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി യെശയ്യാവ് 52:8 ആസ്പദമാക്കി *കാവൽക്കാരന്റെ സന്തോഷം* എന്ന വിഷയത്തിൽ മുഖ്യസന്ദേശം നൽകി. ഇവിടെ നാം ആത്മിയ കാവൽക്കാരാണ്. നമ്മെ ആക്കിയിരിക്കുന്നത് ലോക മനുഷ്യർ അല്ല, ദൈവമാണ്. ദൈവം തന്നെയാണ് നമുക്ക് പ്രതിഫലവും നൽകുന്നത് (എഫെ. 3:17). "അപ്പോൾ നിന്റെ വെളിച്ചം ഉഷസ്സുപോലെ പ്രകാശിക്കും; നിന്റെ മുറിവുകൾക്കു വേഗത്തിൽ പൊറുതിവരും; നിന്റെ നീതി നിനക്കു മുമ്പായി നടക്കും; യഹോവയുടെ മഹത്വം നിന്റെ പിമ്പട ആയിരിക്കും". നോഹ ദൈവത്തിന്റെ വിശ്വസ്തനായ ഒരു കാവൽക്കാരനായിരുന്നു. (ഉല്പ. 6:6). യഹോവ സീയോനിലേക്കു മടങ്ങിവരുമ്പോൾ യഥാർത്ഥ ഒരു കാവൽക്കാരൻ അവനെ അഭിമുഖമായി കാണും. അതുകൊണ്ട് ക്രിസ്തുവിന്റെ ഒരു നല്ല കാവൽക്കാരനായി നിലകൊള്ളുവാൻ ഏവരേയും അദ്ദേഹം ആഹ്വാനം ചെയ്തു.

രാവിലെ നടന്ന സ്നാനശുശ്രൂഷയിൽ മൂന്നുവ്യക്തികൾ കർത്താവിനെ ജലത്തിൽ സാക്ഷിച്ചു. സ്നാനശുശ്രൂഷയ്ക്കും, കർത്തൃമേശയ്ക്കും ശിശുപ്രതിഷ്ഠയ്ക്കും പാസ്റ്റർ എം. സാമുവൽകുട്ടി നേതൃത്വം നൽകി. ശേഷം പാസ്റ്റർ ബിജു ബഞ്ചമിൻ പ്രാർത്ഥിച്ച് ആശിർവാദത്തോടെ സഭായോഗം അവസാനിപ്പിച്ചു. ഫെയ്ത്ത് സീയോൻ സിങ്ങേഴ്സ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

ക്രമീകൃത വേദപഠനത്തിന് ഒരു അംഗീകൃത സ്ഥാപനം

**ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ്**

(ഒരു ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്ഥാപനം)

| കോഴ്സ് | കാലദൈർഘ്യം | യോഗ്യത | മാധ്യമം |
|---|---|---|---|
| ബാച്ചിലർ ഇൻ തിയോളജി | 3 വർഷം | +2, എച്ച്. എസ്. ഇ. | ഇംഗ്ലീഷ് |
| ഡിപ്ലോമ ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി | മലയാളം |
| സർട്ടിഫിക്കറ്റ് ഇൻ തിയോളജി (സായാഹ്ന കോഴ്സ്) | 2 വർഷം | എസ്. എസ്. എൽ. സി | മലയാളം |

സവിശേഷതകൾ

ആത്മീയ അന്തരീക്ഷം
സുവിശേഷീകരണത്തിൽ പ്രായോഗിക പരിശീലനം
യോഗ്യതയും ആത്മനിറവുമുള്ള അധ്യാപകർ
പഠനാനന്തരം ശുശ്രൂഷയ്ക്കുള്ള അവസരങ്ങൾ
അയാട്ട (IATA) അംഗീകൃതം

പരിമിതമായ സീറ്റുകൾ. ഉടൻ അപേക്ഷിക്കുക

റഗുലർ ബാച്ചിൽ പഠിക്കുവാൻ കഴിയാത്ത ഉദ്യോഗസ്ഥർക്കും സുവിശേഷവേലയിൽ താല്പര്യമുള്ള കുടുംബസ്ഥർക്കും വേണ്ടി സി.റ്റി.എച്ച് സായാഹ്ന കോഴ്സ്.

അടുത്ത ബാച്ച് 2012 ജൂൺ ആദ്യവാരം ആരംഭിക്കുന്നു. പ്രോസ്പക്ടസിനും അപേക്ഷാഫോറത്തിനും കോളജുമായി ബന്ധപ്പെടുക.

Faith Celebration Bible College, Shanthy Nagar, Police Station Road, Adoor PO, Pathanamthitta, Kerala 691523,
Ph. 04734 - 225213, 9961813058 E-Mail:- fcbcadur@yahoo.com, Website: www.indianchristianmission.com

### വേദവിചാരം

## വിവാഹവും കുടുംബജീവിതവും



**പാസ്റ്റർ ബിജു ബഞ്ചമിൻ**

ദൈവത്താൽ സ്ഥാപിതമായതും നയിക്കപ്പെടുന്നതും സുപ്രധാനവും വിലയേറിയതുമായ ഒന്നാ ണ് വിവാഹം. മാനുഷിക മൂല്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് വിവാഹവും കുടുംബ ജീവിതവും. ഒരുമിച്ചു ജീവിക്കുന്നതിലൂടെ രണ്ടു വ്യക്തിത്വങ്ങൾ പ്രകാശപൂരിതമാകുന്ന പുതിയ വഴിയാണത്. സ്നേഹിക്കുക, സ്നേഹിക്കപ്പെടുക എന്നുള്ളതാ ണ് വിവാഹ ജീവിതത്തിന്റെ അന്തസ്സാരം. കുടുംബമെന്ന സ്ഥാപനത്തിന് ഇന്ന് ലോകമെമ്പാടും വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ ക്രൈസ്തവരുടെ ദാമ്പത്ത്യ ജീവിതത്തിന്റെ അപകടകരമായ അടയാളങ്ങളാണ് സ്ഥിതി വിവര കണക്കുകൾ സൂചിപ്പിക്കുന്നത്. വിവാഹമോചനത്തിനായുള്ള കേസുകളിൽ നൂറിൽ 7 ശതമാനം കുടുംബങ്ങൾ വിവാഹമോചനം നേടുന്നു. 17 ശതമാനത്തോളം ദമ്പതിമാർ വിവാഹമോചനവും കാത്ത് വെവ്വേറെ താമസിക്കുന്നു. 38 ശതമാനത്തോളം കുടുംബ ബന്ധങ്ങൾ തീവ്രമായ മാനസികവും, ശാരീരികവും ആത്മീയവുമായ പ്രതിസന്ധികൾ അഭിമുഖീകരിക്കുന്നു. വിവാഹത്തിന്റെ പ്രാധാന്യം വചനാടിസ്ഥാനത്തിൽ വിചിന്തനം ചെയ്യുന്നത് ഇവിടെ കാലത്തിന്റെ ആവശ്യമാണ്.

കുടുംബജീവിതത്തിലേക്കുള്ള പ്രവേശനകവാടമാണ് വിവാഹം. Marriage എന്ന വാക്ക് 'Maritus' എന്ന ലത്തീൻ പദത്തിൽ നിന്നും വന്നതാണ്. അതിന്റെ അർത്ഥം Husband/ഭർത്താവ് എന്നാണ്. Matrimony എന്ന ആംഗലേയ പദവും Matrimonium എന്ന ലത്തീൻ പദത്തിൽനിന്നും വന്നതാണ്. ആ വാക്കിന്റെ അർത്ഥം Mother/മാതാവ് എന്നാണ്. Wedding എന്നത് വിവാഹചടങ്ങാണ് അഥവാ The act or ceremony of marriage ആണ്. **ഫ്രെഡറിക് നിഷെയുടെ** അഭിപ്രായത്തിൽ **തങ്ങളെക്കാൾ ശ്രേഷ്ഠമായ ഒന്ന് സംജാതമാകുവാൻ രണ്ടുപേരുടെ സമ്മതത്തോടെയുള്ള സംയോജനമാണ് വിവാഹം. ഭാര്യയും ഭർത്താവുമായിതീരുവാൻ ഒരു പുരുഷനും ഒരു സ്ത്രീയും നിയമങ്ങൾക്ക് വിധേയമായി ഒന്നിക്കുന്നതാണ് വിവാഹം. എന്നാൽ, പരിപൂർണ്ണതയുടെയും അനുഗ്രഹത്തിന്റെയും ശ്രോതസ്സും സമ്പൂർണ്ണമായ മാതൃകയുമാണ് വിവാഹം എന്ന് വിശുദ്ധ വേദപുസ്തകം വിവക്ഷിക്കുന്നു.** അതിനാൽ കേവലമായ കരാറിനെക്കാളും, വാചികമായ വാഗ്ദത്തങ്ങളെക്കാളും, സഭാ, രാഷ്ട്ര നിയമങ്ങളുടെ അനുസരണത്തെക്കാളും ഉന്നതവും ഉദാത്തവുമാണ് വിശുദ്ധ വിവാഹം.

വിവാഹത്തിന്റെ ആലോചനക്കാരനും സ്ഥാപകനും സർവ്വശക്തനായ ദൈവമാണ്. ഉല്പത്തി പുസ്തകത്തിന്റെ ആരംഭത്തിൽതന്നെ വിവാഹം എന്ന ആശയം സംസ്ഥാപിച്ചിരിക്കുന്നു. **അനന്തരം യഹോവയായ ദൈവം മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല; ഞാൻ അവന് തക്കതായ ഒരു തുണയെ ഉണ്ടാക്കികൊടുക്കും എന്ന് അരുളിചെയ്തു (ഉല്പ. 2:18). അതുകൊണ്ട് പുരുഷൻ അപ്പനെയും അമ്മയെയും വിട്ട് ഭാര്യയോട് പറ്റിച്ചേരും; അവർ ഏകദേഹമായി തീരും (ഉല്പ. 2:24).** പുരുഷനും സ്ത്രീയും തമ്മിലുള്ള ഗാഢമായ ബന്ധത്തെയാണിത് സൂചിപ്പിക്കുന്നത്. സ്ത്രീയെ സൃഷ്ടിക്കുന്നത് മനുഷ്യന് തക്ക തുണയായിരിക്കുവാനാണ്. തുണ എന്നതിന് പഴയനിയമം എഴുതപ്പെട്ട ഭാഷയായ ഹീബ്രുവിൽ ഉപയോഗിച്ചിരിക്കുന്ന പദം **എറ്റ്സർ** ആണ്.

എറ്റ്സർ എന്ന പദം ദൈവ-മനുഷ്യ ബന്ധത്തെ സൂചിപ്പിക്കുവാനാണ് പഴയനിയമത്തിലെ ഇതരഭാഗങ്ങളിൽ ഉപയോഗിച്ചിരിക്കുന്നത്.
ഇതിന്റെ അർത്ഥം സ്ത്രീക്ക് ദൈവത്വം കൽപ്പിക്കുകയല്ല, സ്ത്രീ അധ:പതിച്ച സ്ഥാനത്ത് വയ്ക്കപ്പെടേണ്ടവളല്ല എന്ന് വ്യക്തമാക്കുകയാണ് ചെയ്യുന്നത്. സ്ത്രീ പുരുഷന് ദൈവസഹായം പോലെയാണ്. മനുഷ്യന്റെ നിലനിൽപ്പിന് ഒഴിച്ചുകൂടാനാവാത്ത ഘടകമാണവൾ. സന്താനോത്പാദനത്തിന് വേണ്ടി മാത്രമല്ല സ്ത്രീ സൃഷ്ടിക്കപ്പെട്ടത് മറിച്ച്, പരസ്പര സഹായത്തിനും പങ്കാളിത്വത്തിനും വേണ്ടിയാണ്. അതിനാൽ സ്ത്രീയെക്കൂടാതെ പുരുഷനും, പുരുഷനെക്കൂടാതെ സ്ത്രീയും പൂർണ്ണരല്ല.

**വിവാഹം രണ്ട് വ്യക്തികളുടെ സംയോജനമാണ്. "അപ്പോൾ മനുഷ്യൻ ഇത് എന്റെ അസ്ഥിയിൽ നിന്ന് അസ്ഥിയും മാംസത്തിൽ നിന്ന് മാംസവുമാകുന്നു"(ഉല്പ. 2:23).** രക്തബന്ധത്തെ സൂചിപ്പിക്കുന്ന കേവലമൊരു ജീവശാസ്ത്ര പദ പ്രയോഗം മാത്രമല്ല ഇത്, സ്ത്രീയും പുരുഷനും പൂർണ്ണ വ്യക്തിത്ത്വങ്ങളായി യഥാർത്ഥമായി യോജിക്കുന്നതിന്റെ പ്രഖ്യാപനമാണത്. എബ്രായ ഭാഷയിൽ മാംസം എന്ന പദം പൂർണ്ണ മനുഷ്യനെ പ്രതിനിധാനം ചെയ്യുന്നു. ശരീരവും ആത്മാവും ഒന്നിക്കുന്ന പൂർണ്ണതയാണത്. മാനസികവും ശാരീരികവുമായ തലങ്ങളിൽ ഒരുപോലെ രണ്ടു വ്യക്തികൾ സംയോജിക്കുന്നതാണ് വിവാഹം. ഉൽപ്പത്തിയിലെ സത്യത്തിന് യേശു സുവിശേഷത്തിൽ അടിവരയിടുന്നു. **അതുകൊണ്ട് അവർ മേലാൽ രണ്ടല്ല, ഒരു ദേഹമത്രേ, ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത് എന്ന് ഉത്തരം പറഞ്ഞു (മത്തായി 19:6).**

**വിവാഹം ജീവിതാവസാനം വരെയുള്ള ബന്ധമാണ്.** പരസ്പര വിശ്വാസത്തോടും വിശ്വസ്തതയോടും ജീവിതാവസാനം വരെ തുടരുവാനുള്ള ഒരു ബന്ധമാണത്. മരണം തങ്ങളിലൊരാളെ വേർപിരിക്കുംവരെയും തുടരേണ്ട ഒന്നാണ് കുടുംബജീവിതം. **വിവാഹം ഒരു ഉടമ്പടി ബന്ധമാണ്.** പരസ്പര വിശ്വാസത്തിലും സ്നേഹത്തിലും അടിസ്ഥാനമായി നിലനിൽക്കുന്ന ഒരു ഉടമ്പടി ബന്ധമാണ് വിവാഹം. വിവാഹ ഉടമ്പടിയിൽ തങ്ങളുടെ സ്ഥിരമായ ആത്മാർത്ഥതയും ഐക്യതയും പരസ്പരം ഉഭയസമ്മതം ചെയ്യുന്നവരാണ് കുടുംബജീവിതത്തിലേക്ക് പ്രവേശിക്കുന്നത്. ഈ ഉടമ്പടിയുടെ സാക്ഷി ദൈവമാണ് **(മലാഖി 2:14)**.

**വിവാഹം ഒരു സമർപ്പണമാണ്.** വിവാഹം പരസ്പര സമർപ്പണവും തന്നെത്തന്നെ പകർന്നു നൽകുന്നതുമായ സ്നേഹവുമാണ്. ദൈവസാന്നിധ്യത്തിൽ കൂടിയാണ് അത് അനുഭവിക്കുന്നതും പകർന്നു നൽകുന്നതും. സംതൃപ്തി നൽകുന്ന സഖിത്വത്തിന്റെ ശ്രോതസ്സായി വിവാഹം മാറണം. **ഭാര്യയെ കിട്ടുന്നവന് നന്മകിട്ടുന്നു എന്ന് സദൃശ്യ. 18:22** പറയുന്നു. കുടുംബജീവിതത്തിന്റെ അടിസ്ഥാന ഘടകങ്ങളായി തീരേണ്ട അനവധി കാര്യങ്ങൾ വചനം നമ്മെ പഠിപ്പിക്കുന്നു. പൊതുവായി ചില കാര്യങ്ങൾ മാത്രം താഴെ കുറിക്കട്ടെ. പുരുഷനും സ്തീയും പരസ്പരം കരുതുമ്പോൾ (Care) ശരിയായി ആശയവിനിമയം നടത്തുമ്പോൾ (Communicate) പരസ്പരം പരിഗണിക്കുമ്പോൾ (Consider) അനുരഞ്ജനാത്മകമായി സമർപ്പിക്കപ്പെടുമ്പോൾ (Compromise) വിവാഹ ജീവിതം സന്തോഷകരമാകും. ദൈവത്താൽ യോജിപ്പിക്കപ്പെടുന്നതും നയിക്കപ്പെടുന്നതുമായ കുടുംബബന്ധങ്ങൾ സമൂഹത്തിന് തന്നെ അനുഗ്രഹമാകുന്നു.

സഹായക ഗ്രന്ഥം- *Santhosh John, Spirituality of Marriage (Delhi: ISPCK, 2011).*

Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442